# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1244 02.05.2017 ലെ മറുപടിക്ക്

## ഗാർഹിക/കോമേഴ്ഷ്യൽ കെട്ടിടങ്ങൾക്ക് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.ജോർജ് | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വിവിധ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ നിന്നും ഗാർഹിക/കോമേഴ്ഷ്യൽ കെട്ടിടങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നതിലേയ്ക്ക് അപേക്ഷയോടൊപ്പം പ്ലാൻ കൊടുക്കുമ്പോൾ പ്രസ്തുത പ്ലാൻ അമോണിയം പ്രിന്റിൽ തന്നെ വേണമെന്ന വ്യവസ്ഥ ഏതെങ്കിലും ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br>(ബി) പുതിയ സാങ്കേതികവിദ്യയുടെ വരവോടുകൂടി അമോണിയം പ്രിന്റ് ലഭ്യമാക്കാൻ വളരെ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ നിലവിൽ പിൻതുടരുന്ന ഡിജിറ്റൽ പ്രിന്റിൽ പ്ലാനിന്റെ കോപ്പി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ച് അപേക്ഷകരെ സഹായിക്കുമോ; | (എ) യും (ബി) യും കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട പ്ലാനുകൾ/ഡ്രോയിംഗുകൾ തയ്യാറാക്കേണ്ട വിധം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6,7(9) എന്നിവയിലും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6,7(11) എന്നിവയിലും പ്രതിപാദിക്കുന്നുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട പ്രസ്തുത പ്ലാനുകൾ അമോണിയം പ്രിന്റിൽ തന്നെ വേണമെന്ന് ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ ഡിജിറ്റൽ പ്രിന്റ് സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിലില്ല. |
| (സി) അമോണിയം പ്രിന്റ് ലഭ്യമാക്കാൻ അപേക്ഷകർ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ